REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 28-01-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- ഇന്ത്യയുടെ ദിശാനിർണയ ഉപഗ്രഹം NVS - 02 നാളെ രാവിലെ വിക്ഷേപിക്കും.
- വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം ലക്ഷ്യമിട്ട് ആദ്യ രാജ്യാന്തര കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി.
- വന്യമൃഗ ശല്യം രൂക്ഷമായ വയനാട്ടിൽ മൂന്ന് വനം ഡിവിഷനുകളിലെ ആറ് റെയ്ഞ്ചുകളിൽ ജനകീയ പരിശോധന തുടങ്ങി.
- വന്യജീവി ആക്രമണങ്ങളിൽ ഗവൺമെന്റിന് നിസംഗതയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ.
- പാലക്കാട് നെന്മാറയിൽ അയൽവാസികളായ അമ്മയെയും മകനെയും കൊലപ്പെടുത്തിയ കേസിലെ പ്രതി ചെന്താമരയ്ക്കായി തിരച്ചിൽ ഊർജ്ജിതം.
- സ്കോട്ട്ലന്റിനെതിരായ അണ്ടർ 19 വനിതാ ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യക്ക് ബാറ്റിങ് . ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരം വൈകിട്ട് രാജ്കോട്ടിൽ.

## വാർത്തകൾ വിശദമായി

**ഇന്ത്യയുടെ ദിശാനിർണയ ഉപഗ്രഹമായ NVS - 02 നാളെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ വിക്ഷേപണ കേന്ദ്രത്തിലെ രണ്ടാമത്തെ ലോഞ്ച്പാഡിൽ നിന്ന് രാവിലെ 6.23 നാണ് വിക്ഷേപണം. GSLV എഫ് -15 റോക്കറ്റാണ് NVS 02 നെ ബഹിരാകാശത്തേക്ക്**

എത്തിക്കുന്നത്. സതീഷ് ധവാൻ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിലെ നൂറാമത്തെ വിക്ഷേപണമാണിത്.

ഇന്ത്യയുടെ സ്വതന്ത്ര പ്രാദേശിക നാവിഗേഷൻ ഉപഗ്രഹ സംവിധാനമാണ് നാവിഗേഷൻ വിത്ത് ഇന്ത്യൻ കോൺസ്റ്റലേഷൻ അഥവാ നാവിക്. രാജ്യത്തെ ഉപയോക്താക്കൾക്ക് കൃത്യമായ സ്ഥാനം, വേഗം, സമയക്രമം എന്നിവ നൽകാൻ ലക്ഷ്യമിട്ട് രൂപകൽപന ചെയ്ത ഉപഗ്രഹത്തിന് ഇന്ത്യൻ ഭൂപ്രദേശത്തിന് അപ്പുറത്തേക്ക് ഏകദേശം 1,500 കിലോമീറ്റർ മേഖലയിലും സേവനം ലഭ്യമാക്കാനാകും.

2019 ൽ വിക്ഷേപിച്ച IRNSS.1E ഉപഗ്രഹത്തിന് പകരമായാണ് ഇപ്പോൾ രണ്ടാം തലമുറയിലെ അത്യാധുനിക ഉപഗ്രഹമായ NVS 02 അയക്കുന്നത്. 2023 മെയ് 29 ന് NVS-01 ഉപഗ്രഹം വിക്ഷേപിച്ചിരുന്നു.

✪✪✪

ഇന്ത്യയും അമേരിക്കയും പരസ്പര പ്രയോജനകരവും വിശ്വാസയോഗ്യവുമായ പങ്കാളിത്തത്തിന് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപുമായി ടെലഫോൺ സംഭാഷണം നടത്തിയ പ്രധാനമന്ത്രി, ട്രംപിന്റെ ചരിത്രപരമായ രണ്ടാംവരവിനെ അഭിനന്ദിച്ചു. ജനങ്ങളുടെ ക്ഷേമത്തിനും ആഗോള സമാധാനത്തിനും, സുരക്ഷയ്ക്കും ഇരുരാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കുമെന്നും നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അമേരിക്കൻ സന്ദർശനത്തെക്കുറിച്ചും ഇരുവരും ചർച്ച ചെയ്തു.

ഇൻഡോ - പസഫിക്, മിഡിൽ ഈസ്റ്റ്, യൂറോപ്പ് എന്നിവിടങ്ങളിലെ സുരക്ഷ ഉൾപ്പെടെ വിവിധ വിഷയങ്ങളും സഹകരണങ്ങൾ വിപുലീകരിക്കുന്നതും, ഇരുനേതാക്കളും തമ്മിൽ ആശയങ്ങൾ കൈമാറി.

✪✪✪

ഇന്ന് സ്വാതന്ത്ര്യ സമര പോരാളി ലാലാ ലജ്പത് റായിയുടെ 160 -ാം ജന്മവാർഷികം. 1865 ൽ പഞ്ചാബ് പ്രവിശ്യയിലെ ഫരീദ്കോട്ടിൽ ജനിച്ച അദ്ദേഹം 1928 ൽ സൈമൺ കമ്മീഷനെതിരെ നടത്തിയ സമരത്തെ തുടർന്നുണ്ടായ ലാത്തിച്ചാർജിലാണ് മരണമടഞ്ഞത്.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്ത് 16,416 കോടി ഡിജിറ്റൽ ഇടപാടുകൾ നടന്നതായി RBI അറിയിച്ചു. 2012-13 ൽ ഇത് 162

കോടിയായിരുന്നു. ഏകദേശം നൂറ് മടങ്ങ് വർദ്ധനയാണ് പത്ത് വർഷം കൊണ്ടുണ്ടായതെന്നും ശ്രദ്ധേയമായ വളർച്ചയാണിതെന്നും RBI റിപ്പോർട്ട് വെളിപ്പെടുത്തി.

✪✪✪

തീവ്രവാദ കേസുകളുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ ദേശീയ അന്വേഷണ ഏജൻസി നടത്തിയ റെയ്ഡിൽ ഒരാൾ അറസ്റ്റിലായി.

ഐ എസ് റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവെന്ന് കരുതുന്ന അൽഫാസിത്ത് ആണ് പിടിയിലായത്. പുലർച്ചെ 3.30 ന് ആരംഭിച്ച റെയ്ഡിനിടെ ചെന്നൈയിലെ പുരസൈവാക്കത്ത് വെച്ചാണ് ഇയാളെ പിടികൂടിയത്. നിരോധിത ഭീകര സംഘടനയായ ഐഎസിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നതിൽ അൽഫാസിത്തിന് പങ്കുണ്ടെന്ന് പ്രാഥമിക അന്വേഷണങ്ങൾ സൂചിപ്പിക്കുന്നതായി NIA കേന്ദ്രങ്ങൾ അറിയിച്ചു.

ചെന്നൈ, മയിലാടുതുറൈ ജില്ലകളിലെ 20 സ്ഥലങ്ങളിലാണ് എൻഐഎ സംഘം റെയ്ഡ് നടത്തിയത്.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം ലക്ഷ്യമിട്ടു ആദ്യ രാജ്യാന്തര കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി K.N ബാലഗോപാൽ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട്.

.....(വോയ്സ്)..........

കേരളം സമീപഭാവിയിൽ തന്നെ ലോകത്തിലെ മാരിടൈം, ലോജിസ്റ്റിക്സ് മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാകാൻ തയ്യാറെടുക്കുന്നതിന്റെ ആദ്യ ചുവടു വയ്പ്പാണ് വിഴിഞ്ഞം കോൺക്ലേവ്. രണ്ട് ദിവസം നീണ്ട് നിൽക്കുന്ന കോൺക്ലേവിൽ ഏഴ് വിഷയങ്ങളിൽ പ്രസന്റേഷനുകളും നാല് വിഷയങ്ങളിൽ പാനൽ ചർച്ചകളും മൂന്ന് ഫയർസൈഡ് ചാറ്റുകളും നടക്കും.

ലോകത്തെ വിവിധ കമ്പനികളിൽ നിന്നായി 300 പ്രതിനിധികളും 50ലധികം പ്രമുഖ നിക്ഷേപകരും കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്. വിഴിഞ്ഞത്തിന്റെ ആഗോള വ്യവസായ സാധ്യതകൾ, എന്ത് കൊണ്ട് വിഴിഞ്ഞം അടുത്ത ബിസിനസ് ലക്ഷ്യ സ്ഥാനമാകണം, ഷിപ്പിങ് ലോജിസ്റ്റിക് മേഖലകളിലെ വിതരണ ശ്രിംഖലകളുടെ സാധ്യത, കേരളത്തെ ആഗോള സാമ്പത്തിക പവർ ഹൌസ് ആക്കി മാറ്റുന്നതിനുള്ള സാധ്യതകൾ തുടങ്ങിവ കോൺക്ലേവിൽ ചർച്ചാ വിഷയമാകും.

✪✪✪

വന്യമൃഗ ശല്യം രൂക്ഷമായ വയനാട്ടിൽ ജനകീയ പരിശോധന തുടങ്ങി. നോർത്ത്, സൗത്ത് വനം ഡിവിഷനുകളിലെ ആറ് റെയ്ഞ്ചുകളിലാണ് പരിശോധന നടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി വയനാട്ടിൽ നിന്ന് ആകാശവാണി പ്രതിനിധി അരുൺ വിൻസന്റ്....

........(വോയ്സ്)...................

✪✪✪

പ്രിയങ്കാഗാന്ധി MP ഇന്ന് വയനാട് സന്ദർശിയ്ക്കും. മാനന്തവാടിയിലെ പഞ്ചാരക്കൊല്ലിയിൽ കടുവ ആക്രമണത്തിൽ മരിച്ച രാധയുടെ വീട് അല്പസമയത്തിനകം അവർ സന്ദർശിക്കും. തുടർന്ന് ആത്മഹത്യ ചെയ്ത DCC ട്രഷറർ NM വിജയന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെ കാണും. ഉച്ചകഴിഞ്ഞ് കല്പറ്റയിൽ കളക്ട്രേറ്റിൽ ഉദ്യോഗസ്ഥരുടെ യോഗത്തിൽ പ്രിയങ്ക പങ്കെടുക്കും.

മേപ്പാടിയിൽ UDF മലയോര യാത്രയുടെ പൊതുയോഗത്തിൽ പങ്കെടുത്ത ശേഷം പ്രിയങ്ക ഡൽഹിയ്ക്ക് തിരിച്ചുപോകും.

✪✪✪

വന്യമൃഗാക്രമണത്തിൽ ഗവൺമെന്റിന് നിസ്സംഗതയാണെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ കുറ്റപ്പെടുത്തി. കേന്ദ്ര സഹായം ലഭ്യമാക്കാൻ പ്രതിപക്ഷം കൂടെ നിൽക്കുമെന്നും അദ്ദേഹം പറഞ്ഞു.

മലയോര ജനതയെ ഗവൺമെന്റ് അവരുടെ വിധിക്ക് വിട്ടുകൊടുത്തിരിക്കുകയാണെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. മാനന്തവാടി പഞ്ചാരക്കൊല്ലിയിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട രാധയുടെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എട്ട് വർഷത്തിനുള്ളിൽ അറുപതിനായിരത്തിലധികം വന്യജീവിആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഇവയിൽ ആയിരത്തിലേറെ പേർ കൊല്ലപ്പെട്ടെന്നും അദ്ദേഹം പറഞ്ഞു.

വന്യജീവി ആക്രമങ്ങളെ പ്രതിരോധിക്കാൻ നൂതനമായ സംവിധാനങ്ങൾ പല സംസ്ഥാനങ്ങളും ഏർപ്പെടുത്തിയിട്ടും കേരളം ഇതിനു മടിക്കുന്നു. മലയോര ജനതയെ ഗവൺമെന്റ് അവഗണിക്കുകയാണ്. വന്യജീവി നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നടപടി വേണം.

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അനാസ്ഥ വെടിഞ്ഞ് വേണ്ട നടപടികൾ സ്വീകരിക്കണം. അതിന് സമ്മർദ്ദം ചെലുത്താനാണ് മലയോര സംരക്ഷണ ജാഥയെന്നും സതീശൻ വ്യക്തമാക്കി.

✪✪✪

പാലക്കാട് നെന്മാറയിൽ അയൽവാസികളായ അമ്മയെയും മകനെയും കൊലപ്പെടുത്തിയ കേസിലെ പ്രതി ചെന്താമരയെ ഇതുവരെ കണ്ടെത്താനായില്ല. ഇയാൾ ഒളിച്ചിരിക്കാൻ സാധ്യതയുള്ള അറക്കമല, പട്ടിമല എന്നിവിടങ്ങളിലാണ് പോലീസ് തിരച്ചിൽ നടത്തുന്നത്

കൊലക്കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതി ഇന്നലെയാണ് അയൽവാസികളായ സുധാകരൻ അമ്മ ലക്ഷ്മി എന്നിവരെ വെട്ടി കൊലപ്പെടുത്തിയത്. സുധാകരന്റെ ഭാര്യ സജിതയെ 2019 ൽ വീട്ടിൽകയറി വെട്ടിക്കൊന്ന കേസിലെ പ്രതിയാണ് ചെന്താമര.

✪✪✪

മലയോര ഹൈവേയുടെ കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി - കക്കാടംപൊയിൽ റീച്ച് അടുത്ത മാസം 15 ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. മൂന്ന് റീച്ചുകളിലായി നടക്കുന്ന മലയോര ഹൈവേ നിർമ്മാണത്തിലെ ഏറ്റവും ദൈർഘ്യമേറിയ റീച്ചാണ് ഉദ്ഘാടനം ചെയ്യുന്നത്.

കിഫ്ബി ധനസഹായത്തോടെ 195 കോടി രൂപ ചെലവഴിച്ചാണ് 34 കി.മി പ്രവൃത്തി പൂർത്തീകരിച്ചത്. കോഴിക്കോട് ജില്ലയിൽ പ്രവൃത്തി പൂർത്തീകരിച്ച ആദ്യ റീച്ചും കോടഞ്ചേരി കക്കാടംപൊയിൽ റീച്ചാണ്.

✪✪✪

T. പത്മനാഭന്റെ ഓരോ കഥയും വ്യത്യസ്തമാണെന്നും ഒറ്റയിരുപ്പിൽ വായിച്ചുതീർക്കാവുന്നതാണെന്നും സ്പീക്കർ A.N ഷംസീർ പറഞ്ഞു. എഴുത്തുകാരൻ T പത്മനാഭന്റെ കരുവന്നൂർ കഥാസമാഹാരത്തിന്റെ പ്രകാശനം കോഴിക്കോട് നിർവഹിക്കുകയായിരുന്നു സ്പീക്കർ. സാധാരണമനുഷ്യന്റെ വികാര വിചാരങ്ങൾ കഥകളിൽ ആവിഷ്കരിക്കുന്ന പദ്മനാഭന്റേത് പറയാനുള്ളത് തുറന്ന് പറയുന്ന രീതിയാണെന്നും സ്പീക്കർ പറഞ്ഞു.

✪✪✪

ക്വാലാലംപൂരിൽ സ്കോട്ട്ലന്റിനെതിരായ അണ്ടർ 19 വനിതാ ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിൽ സൂപ്പർ സിക്സിലെ അവസാന മത്സരത്തിൽ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ ആറ് ഓവറിൽ വിക്കറ്റ് നഷ്ടപ്പെടാതെ 73 റൺസെടുത്തു.

ടോസ് നേടിയ സ്ക്വാട്ലന്റ് ഇന്ത്യയെ ബാറ്റിംഗിന് അയക്കുകയായിരുന്നു.

സൂപ്പർ സിക്സിൽ ബംഗ്ലാദേശിനെ എട്ടു വിക്കറ്റിന് തകർത്ത് ഇന്ത്യ ഇന്നലെ സെമിയിൽ പ്രവേശിച്ചിട്ടുണ്ട് .

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. വൈകിട്ട് ഏഴിന് രാജ്കോട്ടിലെ നിരഞ്ജൻഷാ സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ചു മത്സര പരമ്പരയിൽ ആദ്യ രണ്ടും ജയിച്ച ഇന്ത്യ, പരമ്പര സ്വന്തമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് മൂന്നാം മത്സരത്തിനിറങ്ങുന്നത്.

അതേസമയം, പരമ്പര സജീവമാക്കി നിർത്താൻ ഇംഗ്ലണ്ടിന് ഇന്ന് ജയം അനിവാര്യമാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് പഞ്ചാബ് FC ജംഷെഡ്പൂർ FC-യെ നേരിടും. രാത്രി ഏഴരക്ക് ന്യൂഡൽഹിയിലാണ് മത്സരം.

മുംബൈയിൽ ഇന്നലെ നടന്ന മത്സരത്തിൽ മോഹൻ ബഗാൻ, ബംഗളൂരു FC-യെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു.

✪✪✪

ഇന്ന് വിവര സ്വകാര്യതാ ദിനം. സൈബറാക്രമണങ്ങൾ വർധിച്ച സാഹചര്യത്തിൽ വിവരങ്ങളുടെ സ്വകാര്യതാ അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്താനും ജനുവരി 28- വിവര സ്വകാര്യതാ ദിനമായി ആചരിക്കുന്നത്. സ്വന്തം വിവരങ്ങളുടെ നിയന്ത്രണം സ്വയം ഏറ്റെടുക്കുകയെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

വ്യാജ സൗന്ദര്യ വർദ്ധക ഉത്പന്നങ്ങൾ വിപണിയിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 'ഓപ്പറേഷൻ സൗന്ദര്യ' മൂന്നാം ഘട്ടം ഉടൻ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഓപ്പറേഷൻ സൗന്ദര്യ-യുടെ ആദ്യ രണ്ട് ഘട്ടങ്ങളിൽ സൗന്ദര്യ വർദ്ധക ഉത്പന്നങ്ങളിൽ ശരീരത്തിന് ഹാനികരമായ അളവിൽ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.

✪✪✪

എയ്ഡഡ് സ്കൂളുകളിൽ തൊഴിൽ സുരക്ഷയും വിദ്യാഭ്യാസ നിലവാരവും ഉറപ്പാക്കാൻ നിയമന നടപടികളുടെ വേഗം കൂട്ടണമെന്ന് കേരള പ്രൈവറ്റ് എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ കോഴിക്കോട് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

MK രാഘവൻ MP സമ്മേളനം ഉദ്ഘാടനം ചെയ്തു.

✪✪✪

---

.

*News Editor: V.K Suresh*
*News Reader: സയ്യിദ് അലി ശിഹാബ്*
*Stand By: ഹക്കീം കൂട്ടായി*
*DEO: ഷീബ*